**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3977** **06-08-2021 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക ക്ഷേമനിധി ബോർഡ് അംഗത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും, എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ കലാസാംസ്കാരിക, സാഹിത്യ മേഖലയിൽ ഉള്ളവർക്ക് നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകളും ഫീസും സഹിതം ക്ഷേമനിധി അംഗത്വത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതും, അപേക്ഷകൾ പരിശോധിച്ച് അപേക്ഷകർക്ക് ക്ഷേമനിധി അംഗീകാരം നൽകിയ അക്കാദമികളോ സ്ഥാപനങ്ങളോ സംഘടനകളിൽ നിന്നോ അംഗീകാരം കിട്ടുന്ന മുറയ്ക്ക് അംഗത്വം നൽകുന്നതുമാണ്. |
| (ബി) | ചലച്ചിത്ര അക്കാദമി പോലുള്ള സർക്കാർ ഏജൻസികളുടെ ശിപാർശ പ്രകാരമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ നിയമസഭാ സാമാജികരുടെയോ സാക്ഷ്യപത്ര പ്രകാരമോ പ്രസ്തുത ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ ക്ഷേമനിധി ബോർഡിൽ ലഭിക്കുന്ന അപേക്ഷകൾ, സർക്കാർ അംഗീകാരമുള്ള സാംസ്കാരിക സ്ഥാപനങ്ങളായ ചലച്ചിത്ര അക്കാദമി, സംഗീത നാടക അക്കാദമി, ഫോക് ലോർ അക്കാദമി, കലാമണ്ഡലം, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, ഹാന്റി ക്രാഫ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, സിനിമാ മേഖലയിൽ അമ്മ, ഫെഫ്ക, മലയാളം ഫിലിം ഫെർട്ടേണിറ്റി, ആത്മ എന്നീ സംഘടനകൾക്ക് അയച്ചുകൊടുക്കുകയും അവരുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് അംഗത്വം നൽകുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ